# എബ്രായലേഖനത്തിന്റെ ജീവ-പഠനം

### ദൂത് അമ്പത്തിരണ്ട്

## കൃപയിൽനിന്നും വീണുപോകരുത്

പന്ത്രണ്ടാം അധ്യായത്തിൽ നമുക്ക് എബ്രായലേഖനത്തിലെ അഞ്ചാമത്തെയും അവസാനത്തെയും മുന്നറിയിപ്പുണ്ട്. ഈ പുസ്തകത്തിന് ഒരു പ്രത്യേക ക്രമീകരണമുണ്ട്. അതിന് അഞ്ചു പ്രധാന ഉപദേശങ്ങളുണ്ട്, ഓരോ ഉപദേശത്തിനും ഒരു മുന്നറിയിപ്പുണ്ട്. മുന്നറിയിപ്പുകളിൽ മൂന്നെണ്ണം ഉപദേശങ്ങൾക്കുശേഷം വരുന്നു (3:7-4:13; 10:19-39; 12:1-29), രണ്ടെണ്ണം ഉപദേശങ്ങളിലേക്ക് തിരുകിച്ചേർക്കുകയും ചെയ്യു (2:1-4; 5:11-6:20). പതിനൊന്നാം അധ്യായത്തിൽ നൽകിയിരിക്കുന്ന ഉപദേശത്തെ പിന്തുടരുന്ന ഒരു മുന്നറിയിപ്പാണ് പന്ത്രണ്ടാം അധ്യായം മുഴുവനും. ഈ മുന്നറിയിപ്പ് നമ്മോട് ഓട്ടം ഓടുവാനും കൃപയിൽനിന്നും വീണുപോകാതിരിക്കുവാനും പറയുന്നു. ഓട്ടത്തിന് കൃപ ആവശ്യമാണ്, കൃപ ഓട്ടത്തിന് മതിയായതും ആണ്.

കൃപയിൽനിന്നും വീണുപോകുന്ന കാര്യത്തെക്കുറിച്ച് നാം പരിഗണിക്കുന്നതിനുമുമ്പ്, ഓട്ടത്തെക്കുറിച്ച് ഒരു വാക്കു കൂടി പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. പത്തും പന്ത്രണ്ടും അധ്യായങ്ങളിൽ നമുക്ക് മൂന്ന് സമാനാർഥമുള്ള പദപ്രയോഗങ്ങളുണ്ട്. 10:20-ൽ നമുക്ക് "പുതിയതും ജീവനുള്ളതുമായ ഒരു വഴിയും", 12:1-ൽ നമുക്ക് ഓട്ടവും ഉണ്ട്. നാം കണ്ടതുപോലെ, ഓട്ടം നാം ഓടിക്കൊണ്ടിരിക്കുന്ന വഴിയാണ്. നാം നടക്കുകയാണെങ്കിൽ, വഴി ഒരു വഴിയായി തുടരുന്നു, എന്നാൽ ഒരിക്കൽ നാം ഓടുവാൻ തുടങ്ങിയാൽ, വഴി ഓട്ടമായിത്തീരുന്നു. ഈ സമാനാർഥമുള്ള പദപ്രയോഗങ്ങളിൽ മൂന്നാമത്തേത് പാതകളാണ് (12:13). ജീവനുള്ള വഴിയും, ഓട്ടവും, പാതകളുമെല്ലാം ഒരേ കാര്യത്തിലേക്ക് വിരൽ ചൂണ്ടുന്നു. നാം നടക്കുന്ന വഴി നാം ഓടുന്ന ഓട്ടമായിരിക്കുകയും, ഓട്ടം പാതകളായിരിക്കുകയും വേണം. നാം അതിനെ ഓട്ടമെന്നോ, വഴിയെന്നോ, പാതകളെന്നോ വിളിച്ചാലും, അർഥം ഒന്നുതന്നെയാണ്.

എന്തുകൊണ്ടാണ് വഴിയും ഓട്ടവും ഏകവചനത്തിലും പാതകൾ ബഹുവചനത്തിലും ആയിരിക്കുന്നതെന്ന് ഒരുപക്ഷേ

നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകാം. ഇത് നിരവധി ഭാഗങ്ങളുള്ള ഒരു പൊതുവഴി പോലെയാണ്. പല ഭാഗങ്ങൾ പല പാതകളാണ്.

10:20-ലെ വഴി അതിവിശുദ്ധസ്ഥലത്തേക്ക് പ്രവേശിക്കാനുള്ള വഴിയും, 12:1-ലെ ഓട്ടം ലക്ഷ്യത്തിലെത്തി പ്രതിഫലം നേടുന്നതിനുമാണ്. അതിവിശുദ്ധസ്ഥലത്തേക്കും ദൈവത്തിന്റെ ലക്ഷ്യത്തിലേക്കുമുള്ള ഈ ഹൈവേയിൽ പാതകളുണ്ടെന്നും, ഈ പാതകൾ വളവുകളൊന്നുമില്ലാതെ നേരെയായിരിക്കണമെന്നും 12:13-ൽ നാം കാണുന്നു. ചില ക്രിസ്ത്യാനികൾക്ക് ബലഹീനമായ കണങ്കാലുകളാണുള്ളത്. അവരുടെ വഴി നേരെയാക്കിയില്ലെങ്കിൽ, അവരുടെ കണങ്കാലുകൾ ബലഹീനമായതുകൊണ്ട് അവർ വീണുപോകും. അതുകൊണ്ട്, അവരുടെ കണങ്കാലുകൾ സന്ധിയിൽനിന്ന് ഇളകാതിരിക്കേണ്ടതിന്, അതായത്, സ്ഥാനഭ്രംശം സംഭവിക്കുകയോ ഉളുക്കുകയോ ചെയ്യാതെ സൗഖ്യമാകേണ്ടതിന്, നാം നേരായ പാതകൾ നിരത്തണം.

അതിവിശുദ്ധസ്ഥലത്ത് നിലനിൽക്കുന്നത് ഓട്ടം ഓടുന്നത് തുടർന്നുകൊണ്ടിരിക്കുന്നതാണ്. നമ്മുടെ അനുഭവമനുസരിച്ച്, നാം അല്പം വിട്ടുവീഴ്ച ചെയ്യാൻ നമ്മുടെ മനസ്സിനെ വ്യായാമം ചെയ്യുമ്പോഴെല്ലാം, നാം ദൈവത്തിന്റെ സാന്നിധ്യത്തിൽനിന്ന് അകലെയാണെന്നും നാം ഇപ്പോൾ അതിവിശുദ്ധസ്ഥലത്തല്ലെന്നും നമ്മുടെ ആത്മാവിന്റെ ആഴത്തിൽ നമുക്ക് ഗ്രഹിക്കുവാൻ കഴിയും. ഉടനെ, ദൈവത്തെ ബന്ധപ്പെടാനുള്ള നമ്മുടെ വഴി നേരെയല്ല; അത് വളഞ്ഞതായിത്തീർന്നിരിക്കുന്നു. ഈ വളവ് അതിവിശുദ്ധസ്ഥലത്തുനിന്നും, സാക്ഷ്യപെട്ടകം, മറഞ്ഞിരിക്കുന്ന മന്ന, തളിർത്ത വടി, സാക്ഷ്യ പലകകൾ എന്നിവയിൽനിന്നും നമ്മെ ദൂരേക്ക് നയിക്കുന്നു. തുടക്കത്തിൽ നാം അതിവിശുദ്ധ സ്ഥലത്തുനിന്നും ചെറിയ ദൂരം മാത്രമേ അകന്നിരുന്നുള്ളൂവെങ്കിലും, ഒടുവിൽ നാം വളരെ ദൂരം അകന്നിരിക്കുന്നുവെന്ന് നാം കണ്ടെത്തുന്നു.

നമ്മുടെ ഓട്ടം ആത്യന്തികമായി അതിവിശുദ്ധസ്ഥലത്തായിരിക്കണം. നാം പുറത്തെ പ്രാകാരത്തിൽ മാത്രം ഓട്ടം ഓടിക്കൊണ്ടിരിക്കുന്നുവെങ്കിൽ, നാം വളരെ ആഴമില്ലാത്തവരാണ്. നമ്മുടെ ഓട്ടം നാം അതിവിശുദ്ധസ്ഥലത്തിൽ ഓടണം. ഓട്ടം ഓടുവാൻ തക്കവണ്ണം അതിവിശുദ്ധസ്ഥലം വളരെ ചെറിയ ഒരു വിസ്തീർണം മാത്രമാണെന്ന് ഒരുപക്ഷേ നിങ്ങൾ ചിന്തിക്കുന്നുണ്ടാകും. അതെ, കൂടാരത്തിൽ നീളത്തിലും, വീതിയിലും, ഉയരത്തിലും പത്തു മുഴം മാത്രമുള്ള ഒരു സമചതുരം ആയിരുന്നു അത് (പുറ. 26:8, 16). ആലയത്തിൽ അത് ഇരുപതു മുഴം നീളവും വീതിയും ഉയരവുമുള്ളതായിത്തീർന്നു (1 രാജാ. 6:20). ഒടുവിൽ, പുതിയ യെരൂശലേമിൽ അത് നീളത്തിലും വീതിയിലും ഉയരത്തിലും പന്ത്രണ്ടായിരം സ്റ്റഡിയയായിരിക്കും (വെളി. 21:16).

കൂടാരത്തിലെയും, ആലയത്തിലെയും, പുതിയ യെരൂശലേമിലെയും അതിവിശുദ്ധസ്ഥലത്തിന്റെ ത്രിഘാത അളവുകൾ ദൈവത്തിന്റെ നിത്യ ആളത്തത്തിന്റെ സമ്പൂർണതയെ സൂചിപ്പിക്കുന്നു. ഏതു ദിശയിൽനിന്നു നോക്കിയാലും ദൈവം തികഞ്ഞവനും സമ്പൂർണനുമാണ്. അവന്റെ സമ്പൂർണതയും തികവും നിത്യമാണ്, പരിധിയില്ലാത്തതാണ്.

നാം ഓടുന്തോറും, കൂടാരത്തിൽനിന്നും ആലയത്തിലേക്കും ആത്യന്തികമായി പുതിയ യെരൂശലേമിലേക്കും വിപുലമായിക്കൊണ്ട് അതിവിശുദ്ധസ്ഥലം വലുതായിത്തീരുന്നു. നാം ആദ്യം കൂടാരത്തിൽ ഓട്ടം ഓടുമ്പോൾ, അത് പത്തു മുഴമാണ്. നാം ഓട്ടം തുടർന്നുകൊണ്ടിരിക്കുമ്പോൾ അത് ആലയത്തിൽ ഇരുപതു മുഴമായും, പുതിയ യെരൂലേമിൽ പന്ത്രണ്ടായിരം സ്റ്റഡിയയായും തീരുന്നു. നാം നിത്യതയിൽ ഓട്ടം ഓടുമ്പോൾ, അത് നിത്യമായി വിശാലമാണെന്ന് നാം കണ്ടെത്തും. ഇത് വളരെ അർഥവത്താണ്.

അതിവിശുദ്ധസ്ഥലത്തുള്ള ഓട്ടം ഒരിക്കലും ഓടിത്തീർക്കുവാൻ കഴിയുകയില്ല. അനേകം വർഷങ്ങളായി ഞാൻ ഓട്ടം ഓടുകയായിരുന്നു, ഞാൻ ഓടുന്തോറും അതിവിശുദ്ധസ്ഥലം കൂടുതൽ നീളമുള്ളതും വീതിയുള്ളതും ഉയർന്നതുമായിത്തീരുന്നു. യുവാക്കളെ സംബന്ധിച്ചിടത്തോളം, അവർ ഓടിക്കൊണ്ടിരിക്കുന്ന അതിവിശുദ്ധസ്ഥലം പത്തു മുഴം മാത്രം നീളവും വീതിയും ഉയരവുമുള്ളതായിരിക്കാം. കുറേയേറെ വർഷങ്ങൾ അവർ ഓട്ടം ഓടിക്കൊണ്ടിരിക്കുമ്പോൾ, അത് വളരെ വലുതായിത്തീരും. നാം നിത്യതയിലേക്ക് പ്രവേശിക്കുമ്പോൾ, അതിന്റെ ഓരോ മൂന്ന് അളവുകളിലും ഒരേപോലെയാകുന്ന പുതിയ യെരൂശലേം നഗരം മുഴുവനും, അതിവിശുദ്ധസ്ഥലമാണെന്ന് നാം കാണും. ഇന്ന് നമ്മുടെ തുടർച്ചയായ ഓട്ടം അതിവിശുദ്ധസ്ഥലത്തിലാണ്, ഈ തുടർച്ചയായ ഓട്ടത്തിന്റെ പാതകൾ നേരെയാക്കേണ്ടതാവശ്യമാണ്. പാതകൾ നേരെയാക്കുന്നതിന്, നമുക്ക് കൃപ ആവശ്യമാണ്. നാം ഓട്ടം ഓടുകയും കൃപയിൽനിന്ന് വീണുപോകാതിരിക്കുകയും വേണം. ഓട്ടം ഓടുവാൻ നമുക്ക് കൃപ ആവശ്യമാണ്.

## I. ദൈവത്തിന്റെ കൃപ

ഇപ്പോൾ നാം ഒരു നിർണായക ചോദ്യം ചോദിക്കേണ്ടിയിരിക്കുന്നു: എന്താണ് കൃപ? ഞാൻ ചെറുപ്പമായിരുന്നപ്പോൾ, കൃപയെന്നാൽ നാം ഒന്നും ചെയ്യാതിരിക്കുന്നതും ദൈവം നമുക്കുവേണ്ടി സകലവും ചെയ്യുന്നതും ആണെന്ന് ചില ശ്രേഷ്ഠന്മാരായ ഉപദേഷ്ടാക്കന്മാർ എന്നെ പഠിപ്പിച്ചിരുന്നു. ഈ ഉപദേശമനുസരിച്ച്, നാം ചെയ്യുന്നതെന്തും വേലയാണ്,

കൃപയല്ല, എന്നാൽ കർത്താവ് നമുക്കുവേണ്ടി ചെയ്യുന്നതെന്തും കൃപയാണ്. ഉദാഹരണത്തിന്, നമ്മുടെ പാപങ്ങൾക്കുവേണ്ടി നാം ഒന്നും ചെയ്യേണ്ട ആവശ്യമില്ല. നാം ചെയ്യുന്നുവെങ്കിൽ, അത് നമ്മുടെ വേലയാണ്. ക്രിസ്തു നമ്മുടെ പാപങ്ങൾക്കുവേണ്ടി മരിച്ചു, അത് കൃപയാണ്. കൃപയുടെ ഈ നിർവചനത്തിൽ നിങ്ങൾ സംതൃപ്തരാണോ? കുറച്ചുകാലം ഞാൻ അതിൽ സംതൃപ്തനായിരുന്നു. എന്നാൽ വേദപുസ്തകത്തിലെ ചില വാക്യങ്ങൾ പരിഗണിച്ചതിന്റെ ഫലമായി ഞാൻ അതിനെ ചോദ്യം ചെയ്യുവാൻ തുടങ്ങി. കൃപ യേശു ക്രിസ്തുവിലൂടെ വന്നുവെന്ന് യോഹന്നാൻ 1:17-ഉം, "അവന്റെ നിറവിൽനിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിക്കുന്നു" എന്ന് യോഹന്നാൻ 1:16-ഉം പറയുന്നു. 1 കൊരിന്ത്യർ 15:10-ൽ അപ്പൊസ്തലനായ പൗലൊസ് പറയുന്നു, "എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ." ഒരു ദിവസം, ഈ വാക്യം "ഞാനല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു" എന്ന് പൗലൊസ് പറയുന്ന ഗലാത്യർ 2:20-മായി ഞാൻ താരതമ്യം ചെയ്തുകൊണ്ടിരിക്കുമ്പോൾ, കൃപ എന്നത് നമ്മുടെ അനുഭവത്തിലുള്ള നമ്മുടെ ആസ്വാദനത്തിനുവേണ്ടി നമ്മുടെ ആളത്തത്തിലേക്കു പകരപ്പെട്ട ക്രിസ്തുവിലുള്ള ദൈവമാണെന്ന് ഞാൻ തിരിച്ചറിഞ്ഞു. അത് കർത്താവ് നമുക്കുവേണ്ടി ചെയ്യുന്ന വേല മാത്രമല്ല; അത് നമ്മുടെ ആളത്തത്തിലേക്ക് പകരപ്പെട്ടവനും നമ്മുടെ ആസ്വാദനമായി അനുഭവമാക്കപ്പെട്ടവനുമായ ത്രിയേകദൈവം തന്നെയാണ്. ചുരുക്കത്തിൽ, നാം അനുഭവിക്കുന്ന ത്രിയേകദൈവമാണ് കൃപ. പുതിയനിയമത്തിന്റെ മുഴുവൻ വെളിപാടുമനുസരിച്ച്, കൃപയെന്നത് നമ്മുടെ ആസ്വാദനത്തിനുവേണ്ടി നമ്മുടെ ആളത്തത്തിലേക്ക് പകരപ്പെട്ടിരിക്കുന്ന ക്രിസ്തുവിലുള്ള ദൈവത്തിൽ കുറഞ്ഞ ഒന്നുമല്ല. ഒന്നാമതായി, അവൻ നമ്മുടെ ആത്മാവിലേക്ക് പകരപ്പെട്ടിരിക്കുന്നു; പിന്നീട്, അവൻ നമ്മുടെ ആന്തരിക ഭാഗങ്ങളിലേക്ക് വ്യാപിക്കുമ്പോൾ, അവൻ നമ്മുടെ ആസ്വാദനമായിത്തീരുന്നു. ഈ കൃപ ക്രിസ്തുവിലൂടെ നമ്മിലേക്ക് വന്നിരിക്കുന്നു (യോഹ. 1:14, 17), അത് ക്രിസ്തുവിന്റെ കൃപയാണ് (2 കൊരി. 13:14; 12:9), ക്രിസ്തു തന്നെയാണ് (ഗലാ. 6:18; പ്ര.നി. 2 തിമൊ 4:22).

## II. കൃപയിൽനിന്നും വീണുപോകുന്നത് ക്രിസ്തുവിൽനിന്നും വീണുപോകുന്നതാകുന്നു

ദൈവകൃപയിൽനിന്നും വീണുപോകുന്നത് ക്രിസ്തുവിൽനിന്നും വീണുപോകുന്നതാണ്. നാം "കൃപയിൽനിന്ന് വീണുപോകുമ്പോൾ"

"നാം "ക്രിസ്തുവിൽനിന്ന് വേർപെട്ടുപോയി" (ഗലാ. 5:4). ക്രിസ്തു തന്നെയായ ദൈവകൃപയിൽനിന്ന് അവർ വീണുപോകാതിരിക്കേണ്ടതിന് യെഹൂദമതത്തിന്റെ ന്യായപ്രമാണത്തെ മാറ്റിവച്ചുകൊണ്ട് "ക്രിസ്തുവിൽനിന്ന് വേർപെട്ടുപോകാതിരിക്കുവാൻ" ഈ വിഷയത്തിൽ എബ്രായ വിശ്വാസികളുടെ അതേ അപകടത്തിൽ ആയിരുന്ന ഗലാത്യ സഭകൾക്ക് പൗലൊസ് മുന്നറിയിപ്പു നല്കി. നാം കൃപയിൽനിന്ന് വീണുപോകരുത്, മറിച്ച് "കൃപ ഉണ്ടായിരിക്കുകയും" (വാ. 28), "കൃപയാൽ ഉറപ്പിക്കപ്പെട്ടിരിക്കുകയും" (13:9), "കൃപയിൽ നിൽക്കുകയും" (റോമ. 5:2) വേണം. ഗലാത്യലേഖനവും എബ്രായലേഖനവും കൃപയുടെ അനുഗ്രഹത്തോടുകൂടെ അവസാനിക്കുന്നു (ഗലാ. 6:18; എബ്രാ. 13:25).

യവനഭാഷയനുസരിച്ച്, ക്രിസ്തുവിൽനിന്ന് വേർപെട്ടിരിക്കുന്നത് ഒരു മരത്തിൽനിന്നും ഒരു ശാഖ മുറിച്ചു മാറ്റപ്പെട്ടിരിക്കുന്നതുപോലെ അവനിൽനിന്നും മുറിച്ചുമാറ്റപ്പെട്ടിരിക്കുന്നു എന്നാണ് അർഥമാക്കുന്നത്. നമുക്കെല്ലാവർക്കും ഈ അനുഭവം ഉണ്ടായിട്ടുണ്ട്. നിരവധി തവണ ജീവനുള്ള ക്രിസ്തുവുമായുള്ള കൂട്ടായ്മയിൽനിന്നും നാം മുറിച്ചുമാറ്റപ്പെട്ടപ്പോൾ നാം കൃപയിൽനിന്ന് വേർപെട്ടിരുന്നു എന്ന അനുഭൂതി നമുക്കുണ്ടായിട്ടുണ്ട്. നേരെമറിച്ച്, പ്രിയ കർത്താവുമായി നാം ഉറ്റ കൂട്ടായ്മയിലായിരിക്കുമ്പോൾ, നാം കൃപയിലാണെന്നും, നമ്മുടെ ബലത്തിനും ആസ്വാദനത്തിനും നമ്മുടെ ഏത് ആവശ്യത്തിനുംവേണ്ടി കൃപ ഉണ്ടെന്നുമുള്ള ആഴമായ ബോധം നമുക്കുണ്ട്. നമുക്ക് ജീവൻ ആവശ്യമാണെങ്കിൽ കൃപയാണ് ജീവൻ. നമുക്ക് ബലവും ആശ്വാസവും ആവശ്യമാണെങ്കിൽ, കൃപയാണ് നമ്മുടെ ബലവും ആശ്വാസവും. അങ്ങനെ, ഉപദേശപരമായ രീതിയിലല്ല, അനുഭവപരമായ രീതിയിൽ, കൃപ ക്രിസ്തു തന്നെയാണെന്ന് നാം വ്യക്തമായി കാണുന്നു.

## A. എബ്രായ വിശ്വാസികൾ ദൈവകൃപയിൽനിന്ന് വീണുപോകുന്നത്

പുതിയ ഉടമ്പടിയുടെ വഴിയിൽ ക്രിസ്തുവിന്റെ ആസ്വാദനത്തെ ഉപേക്ഷിക്കുകയും അവരുടെ പഴയ മതത്തിലേക്ക് മടങ്ങുകയും ചെയ്യുന്നതാകുന്നു

എബ്രായ വിശ്വാസികൾ ദൈവകൃപയിൽനിന്നും വീണുപോകുന്നത് പുതിയ ഉടമ്പടിയുടെ വഴിയിൽ ക്രിസ്തുവിന്റെ ആസ്വാദനം ഉപേക്ഷിച്ചുകൊണ്ട് അവരുടെ പഴയ മതത്തിലേക്ക് മടങ്ങുന്നതായിരുന്നു. കൂടാരത്തിലെ ഉപകരണങ്ങളുടെ ക്രമീകരണം ക്രിസ്തുവിന്റെ ആസ്വാദനത്തിന്റെ ഒരു വെളിപാടാണ്. യാഗപീഠത്തിൽ നമ്മുടെ യാഗങ്ങളായി നാം ക്രിസ്തുവിനെ ആസ്വദിക്കുകയും, തൊട്ടിയിൽ നമ്മെ കഴുകുന്ന ജീവൻ-നല്കുന്ന

ആത്മാവായി അവനെ ആസ്വദിക്കുകയും ചെയ്യുന്നു. കാഴ്ചയപ്പത്തിന്റെ മേശയിൽ നമ്മുടെ ദൈനംദിന സഹായമായി നാം ക്രിസ്തുവിനെ ആസ്വദിക്കുകയും, നിലവിളക്കിൽ നമ്മുടെ ജീവന്റെ വെളിച്ചമായി നാം അവനെ ആസ്വദിക്കുകയും, ധൂപപീഠത്തിൽ നാം ദൈവത്താൽ അംഗീകരിക്കപ്പെടുന്ന പുനരുത്ഥാന സുഗന്ധമായി അവനെ ആസ്വദിക്കുകയും ചെയ്യുന്നു. പിന്നീട് അതിവിശുദ്ധസ്ഥലത്തിനുള്ളിലെ സാക്ഷ്യപെട്ടകത്തിൽ മറഞ്ഞിരിക്കുന്ന മന്നയായും തളിർത്ത വടിയായും ജീവപ്രമാണമായും നാം ക്രിസ്തുവിനെ ആസ്വദിക്കുന്നു. ഇതാണ് പുതിയ ഉടമ്പടിയുടെ രീതിയിൻപ്രകാരമുള്ള ക്രിസ്തുവിന്റെ ആസ്വാദനം. എബ്രായ വിശ്വാസികൾ ഈ വഴി ഉപേക്ഷിച്ചിരുന്നുവെങ്കിൽ, അവർ കൃപയിൽനിന്നും വീണുപോകുമായിരുന്നു. 12:15-നെ നാം ഉപരിപ്ലവമായ രീതിയിൽ മനസ്സിലാക്കരുത്. നാം എബ്രായലേഖനത്തിന്റെ ആഴങ്ങളിലേക്ക് ആഴ്ന്നിറങ്ങുന്നുവെങ്കിൽ, ദൈവകൃപയിൽനിന്നും വീണുപോകരുതെന്നത് ക്രിസ്തുവിനെ ആസ്വദിക്കുന്ന പുതിയ ഉടമ്പടിയുടെ വഴി ഉപേക്ഷിക്കരുതെന്നാണ് എഴുത്തുകാരൻ അർഥമാക്കിയതെന്ന് നാം മനസ്സിലാക്കും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എഴുത്തുകാരൻ ഇങ്ങനെ പറയുന്നതായി തോന്നുന്നു, "എബ്രായ വിശ്വാസികളേ, യെഹൂദ മതത്തിലേക്ക് മടങ്ങിപ്പോകരുത്. നിങ്ങൾ പോകുന്നുവെങ്കിൽ, നിങ്ങളുടെ കൃപയായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിനുള്ള വഴി നിങ്ങൾ ഉപേക്ഷിക്കുകയായിരിക്കും, നിങ്ങൾ ദൈവത്തിന്റെ കൃപയിൽനിന്ന് വീണുപോകുകയും ചെയ്യും."

## B. കൃപ ഉണ്ടായിരുന്നും, കൃപയാൽ ഉറപ്പിക്കപ്പെട്ടും, കൃപയിൽ നിന്നുംകൊണ്ട് എബ്രായ വിശ്വാസികൾ പുതിയ ഉടമ്പടിയുടെ വഴിയിൽ നിലനിൽക്കുന്നു

വാക്യം 28 പറയുന്നു, "നമുക്ക് കൃപയുണ്ടായിരിക്കട്ടെ, അതിലൂടെ സുപ്രസാദകരമായി ഭക്തിയോടും ഭയത്തോടും കൂടെ നമുക്ക് ദൈവത്തെ സേവിക്കാം." എബ്രായ വിശ്വാസികൾ പുതിയ ഉടമ്പടിയുടെ വഴിയിൽ നിലനിൽക്കുന്നത് "കൃപ ഉണ്ടായിരിക്കുന്നത്" ആകുന്നു. "കൃപ ഉണ്ടായിരിക്കുക" എന്നതിന് "കൃപയെ എടുക്കുക" എന്ന വിവർത്തനം ഞാൻ ഇഷ്ടപ്പെടുന്നു, കാരണം ഈ വാക്യത്തിലെ "ഉണ്ടായിരിക്കുക" എന്നത് "എടുക്കുക" എന്നതിന് സമാനമാണ്. ഒരു അമ്മ പലപ്പോഴും തന്റെ കുഞ്ഞിനോടു പറയും, "നിന്റെ ഭക്ഷണം എടുക്കുക" അല്ലെങ്കിൽ "നിന്റെ പാൽ എടുക്കുക." അതുപോലെ, നാമെല്ലാവരും കൃപയെ എടുക്കുകയും കൃപയെ എടുക്കുവാൻ പരസ്പരം സഹായിക്കുകയും വേണം. നിങ്ങളുടെ ഭാര്യ നിങ്ങൾക്ക് ബുദ്ധിമുട്ടുള്ള ഒരു സമയം തരാൻ പോകുകയാണെങ്കിൽ,

കൃപയെ എടുക്കുക എന്ന് നിങ്ങൾ അവളോടു പറയണം. പുതിയ ഉടമ്പടിയുടെ വഴി നിലനിൽക്കുന്നത് കൃപയെ എടുക്കുന്നതാണ്. നാം ഒരല്പം കൃപ എടുക്കുമ്പോൾപോലും മുഴുവൻ സാഹചര്യവും മാറുന്നു. ചിലപ്പോൾ ഒരു സഹോദരനും ഭാര്യയും തീൻമേശയിൽ ഇരിക്കുമ്പോൾ സകലവും ഇരുണ്ടതാണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ, ഭാര്യ ആദ്യം കൃപയെ എടുക്കണമെന്ന് ഞാൻ ഉപദേശിക്കും. അവൾ ഇത് ചെയ്യുകയാണെങ്കിൽ, തീൻമേശ തിളങ്ങുകയും "കർത്താവിന് സ്തുതി" എന്ന് ഭർത്താവ് പറയുകയും ചെയ്യും. കൃപ തീർച്ചയായും ഏറ്റവും ആരോഗ്യകരമായ ആഹാരമാണ്.

പൗലൊസ് നമ്മോട് "കൃപയാൽ ഉറപ്പിക്കപ്പെടുക" എന്ന് 13:9-ലും, നാം കൃപയിൽ നിൽക്കണം എന്ന് റോമർ 5:2-ലും പറയുന്നു. നമുക്കെല്ലാവർക്കും കൃപ ലഭിച്ചിരിക്കുന്നതിനാൽ, നാം ഇനി അതിൽ നിൽക്കേണ്ടതാവശ്യമാണ്. ഒരിക്കൽ നാം കൃപ എടുക്കുകയും കൃപയാൽ ഉറപ്പിക്കപ്പെടുകയും ചെയ്താൽ, കൃപയിൽ നിൽക്കുവാൻ നാം പ്രാപ്തരായിരിക്കും.

Wed

## III. ദൈവത്തിന്റെ കൃപയിൽനിന്നും വീണുപോകാനുള്ള കാരണം

### A. കയ്പിന്റെ വേര് — യെഹൂദമതഭക്തൻ

15-ഉം 16-ഉം വാക്യങ്ങളിൽ പൗലൊസ് പറയുന്നു, "ദൈവകൃപയിൽനിന്ന് ആരും വീണുപോകാതിരിക്കുവാനും, പൊങ്ങിവരുന്ന കയ്പിന്റെ വല്ല വേരും നിങ്ങളെ ശല്യപ്പെടുത്തി, ഇതിലൂടെ അനേകർ മലിനപ്പെടാതിരിക്കുവാനും, ആരും ദുർന്നടപ്പുകാരനോ, ഒരു ഊണിന് തന്റെ സ്വന്തം ജ്യേഷ്ഠാവകാശം വിറ്റുകളഞ്ഞ ഏശാവിനെപ്പോലെ അശുദ്ധനോ ആകാതിരിക്കുവാനും സൂക്ഷ്മതയോടെ നോക്കിക്കൊള്ളുവിൻ." ഈ വാക്യങ്ങളിൽ ദൈവകൃപയിൽനിന്നും വീണുപോകുന്നതിന്റെ മൂന്നു കാരണങ്ങൾ നാം കാണുന്നു: കയ്പുള്ള വേരും, ദുർന്നടപ്പുകാരനും, അശുദ്ധനായ വ്യക്തിയും. ഈ പുസ്തകത്തിന്റെ സന്ദർഭത്തിന്റെ സൂചനയനുസരിച്ച്, കയ്പിന്റെ വേരെന്നത് എബ്രായ വിശ്വാസികളെ ദൈവകൃപയിൽനിന്ന് യെഹൂദമതത്തിന്റെ ആചാരങ്ങളിലേക്ക് തിരിയുവാനും, ദൈവത്തിന്റെ വിശുദ്ധിയെ അവഗണിച്ചുകൊണ്ട്, അങ്ങനെ അവരെത്തന്നെ ദൈവത്തിന്റെ ദൃഷ്ടിയിൽ മലിനമാക്കുവാനും ഇടയാക്കിയ ഒരു യെഹൂദമതഭക്തനായിരിക്കണം. ഈ കയ്പിന്റെ വേര് എബ്രായ വിശ്വാസികളെ യെഹൂദമതം ഉപയോഗിച്ച് ബോധ്യപ്പെടുത്തുകയും, വിശുദ്ധനായ ദൈവത്തിങ്കലേക്ക് വിശുദ്ധീകരിക്കപ്പെടേണ്ടതിനു പകരം, സാമാന്യമായ മതത്തിൽ മലിനപ്പെടുവാൻ യെഹൂദമതത്തിലേക്ക്

മടക്കിക്കൊണ്ടുവരുകയും ചെയ്യുകൊണ്ട് അവരെ അസഹ്യപ്പെടുത്തിക്കൊണ്ടിരുന്നു. പുതിയ ഉടമ്പടിയുടെ വഴി തെറ്റാണെന്നും പഴയ ഉടമ്പടിയുടെ വഴിയാണ് ശരിയെന്നും യെഹൂദമതഭക്തർ എബ്രായ വിശ്വാസികളെ ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചു. തത്ത്വത്തിൽ, കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ സഭകളിൽ കയ്പിന്റെ ചില വേരുകൾ ഉണ്ടായിരുന്നു. അങ്ങനെയുള്ള കയ്പിന്റെ വേരുകൾ സഭകളിൽ വചനവിരുദ്ധത ഉണ്ടെന്ന് പറയും. ഈയിടെ ഒരു സഭയിൽ അങ്ങനെയുള്ള ഒരു കയ്പിന്റെ വേരുണ്ടാകുകയും നിരവധി പ്രിയപ്പെട്ടവർ വിഷലിപ്തരാക്കപ്പെടുകയും ചെയ്തു. ഈ കയ്പിന്റെ വിഷം ഒരു വ്യക്തിയിലേക്ക് പ്രവേശിച്ചുകഴിഞ്ഞാൽ, അതിനെ എളുപ്പത്തിൽ വലിച്ചെടുക്കാനാവില്ല. ഞാൻ ഇത് അമേരിക്കയിൽ മാത്രമല്ല തായ്വാനിലും ചൈനാ വൻകരയിലും കണ്ടിട്ടുണ്ട്.

കയ്പിന്റെ വേരുകളെ നാം കേൾക്കരുത്, കാരണം അവരുടെ ഉദ്ദേശ്യം കർത്താവിന്റെ പ്രത്യുദ്ധാരത്തെ നശിപ്പിക്കുക എന്നതാണ്. കയ്പിന്റെ വേരിന് നമ്മെ ദൈവകൃപയിൽനിന്നും വീണുപോകുന്നതിന് ഇടയാക്കുവാൻ കഴിയും. ഇന്ന് നാം കൃപ ആസ്വദിക്കാനുള്ള ഏറ്റവും നല്ല സ്ഥലം കർത്താവിന്റെ പ്രത്യുദ്ധാരമാണെന്ന പൂർണ ഉറപ്പ് എനിക്കുണ്ട്. നിങ്ങൾ കർത്താവിന്റെ പ്രത്യുദ്ധാരത്തെ ഉപേക്ഷിക്കുന്നുവെങ്കിൽ, നിങ്ങൾ തീർച്ചയായും ദൈവത്തിന്റെ കൃപയിൽനിന്ന് വീണുപോകും. നാം സഭയിലേക്ക് വരുന്നതിനുമുമ്പ് നാം ഇപ്പോൾ ആസ്വദിക്കുന്നതുപോലെ ഒരിക്കലും കൃപ ആസ്വദിച്ചിട്ടില്ലെന്ന് നമ്മുടെ ആത്മാവിന്റെ ആഴത്തിൽ നമുക്കറിയാം. എതിർക്കുന്നവർ പറയുന്നത് ശ്രദ്ധിക്കരുത്; നിങ്ങളുടെ അനുഭവത്തെ ശ്രദ്ധിക്കുക. സർപ്പം ഹവ്വയുടെ മനസ്സിനെ ഉത്തേജിപ്പിച്ചതുപോലെ, എതിർക്കുന്നവർ നിങ്ങളുടെ ചിന്താഗതിയെ ഉത്തേജിപ്പിക്കുവാൻ എപ്പോഴും ശ്രമിക്കുന്നു. കാര്യങ്ങളുടെമേൽ ചിന്തിക്കുവാൻ നിങ്ങളുടെ ചിന്താഗതിയെ അവർ ഉണർത്തിക്കഴിഞ്ഞാൽ, അവരുടെ സംസാരംകൊണ്ട് അവർ നിങ്ങളെ വിഷലിപ്തമാക്കും. തൽഫലമായി, നിങ്ങൾ ഒന്നുകിൽ കർത്താവിന്റെ പ്രത്യുദ്ധാരത്തെ ഉപേക്ഷിക്കും, അല്ലെങ്കിൽ നിങ്ങൾ അതിനെ സംബന്ധിച്ച് തണുത്തവരും നിഷേധാത്മകരും ആയിരിക്കും.

## B. ദുർന്നടപ്പുകാരൻ

ദൈവകൃപയിൽനിന്ന് വീണുപോകാനുള്ള രണ്ടാമത്തെ കാരണം ദുർന്നടപ്പുകാരനാണ്. പൗലൊസ് വാക്യം 16 എഴുതിയപ്പോൾ, യാക്കോബിന്റെ ആദ്യത്തെ പുത്രനും തന്റെ ജഡമോഹത്താൽ ചേതംവന്നവനും അതുവഴി തന്റെ ജന്മാവകാശം നഷ്ടപ്പെട്ടവനുമായ രൂബേൻ അവന്റെ മനസ്സിൽ ഉണ്ടായിരുന്നിരിക്കണം

(ഉല്പ. 49:3-4; 1 ദിന. 5:1). ജഡമോഹം നിമിത്തം, ദുർന്നടപ്പുകാരൻ ദൈവത്തിന്റെ പുതിയ ഉടമ്പടിയിലുള്ള ക്രിസ്തുവിന്റെ ആസ്വാദനത്തിൽനിന്നും അകറ്റിനിർത്തപ്പെടുന്നു. ദുർന്നടപ്പുപോലെ ദൈവത്തിന്റെ ജനത്തെ ഇത്രത്തോളം നശിപ്പിക്കുന്ന മറ്റൊന്നുമില്ല. നാമെല്ലാവരും അതിനെ വിട്ടോടണം. രൂബേനെപ്പോലെയുള്ള ദുർന്നടപ്പുകാരൻ തന്റെ മോഹത്തിന്റെ മലിനത നിമിത്തം ജന്മാവകാശമെന്ന അനുഗ്രഹം നഷ്ടപ്പെടുത്തും.

## C. അശുദ്ധനായ വ്യക്തി

മൂന്നാമത്തെ കാരണം അശുദ്ധനായ വ്യക്തിയാണ്. ലോകത്തെയും ലൗകിക വസ്തുക്കളെയും സ്നേഹിക്കുന്നവനും, ഭൗതിക വസ്തുക്കളുടെ വിനോദത്താൽ പിടിക്കപ്പെട്ടവനുമാണ് അശുദ്ധനായ വ്യക്തി. അവൻ ഏശാവിനെപ്പോലെ ഒരു ഊണിനുവേണ്ടി തന്റെ ജന്മാവകാശം വിറ്റവനാണ് (ഉല്പ. 25:29-34). യിസ്ഹാക്കിന്റെ ആദ്യജാതനായ പുത്രനെന്ന നിലയിൽ ഏശാവിന്റെ ജന്മാവകാശം ദേശത്തിന്റെ ഇരട്ടി പങ്കും, പൗരോഹിത്യവും, രാജത്വവും ആയിരുന്നു. തന്റെ ജന്മാവകാശം ഉപേക്ഷിക്കുന്നതിലുള്ള അവന്റെ അശുദ്ധി നിമിത്തം, ദേശത്തിന്റെ ഇരട്ടി പങ്ക് യോസേഫിന് കൊടുക്കുകയും (1 ദിന. 5:1-2), പൗരോഹിത്യം ലേവിക്ക് പോകുകയും (ആവ. 33:8-10), രാജത്വം യെഹൂദായ്ക്ക് നിയോഗിക്കുകയും ചെയ്തു (ഉല്പ. 49:10; 1 ദിന. 5:2). ഏശാവിനെക്കുറിച്ചു സംസാരിക്കുന്ന വാക്യം 17 പറയുന്നു, "പിന്നീട് അനുഗ്രഹം അവകാശമാക്കുവാൻ ഇച്ഛിച്ചപ്പോൾ, അവൻ തിരസ്കരിക്കപ്പെട്ടു എന്ന് നിങ്ങൾ അറിയുന്നുവല്ലോ; അവൻ കണ്ണുനീരോടെ അത് അന്വേഷിച്ചെങ്കിലും മാനസാന്തരത്തിന് ഇടം കണ്ടെത്തിയില്ല." "മാനസാന്തരത്തിന് ഇടമില്ല" എന്നതിന്റെ അർഥം, ഏശാവിന് മാനസാന്തരപ്പെടുവാൻ അടിസ്ഥാനമുണ്ടായിരുന്നില്ല എന്നല്ല, മറിച്ച് അവൻ ചെയ്തതിന്റെ ഫലത്തെ മാനസാന്തരത്തിലൂടെ തിരികെ കൊണ്ടുവരുവാൻ അവന് ഒരു വഴിയുമുണ്ടായിരുന്നില്ല എന്നാണ്.

ദൈവത്തിൽനിന്നു ജനിച്ച ക്രിസ്ത്യാനികളായ നാം ദൈവം തന്റെ സൃഷ്ടിപ്പിൽ കൊയ്ത "അവന്റെ സൃഷ്ടികളിൽ ആദ്യഫലം" ആണ് (യാക്കോ. 1:18). ഈ അർഥത്തിൽ, നാം ദൈവത്തിന്റെ ആദ്യജാതന്മാരായ പുത്രന്മാരാണ്. ഇക്കാരണത്താൽ, നാം അടങ്ങുന്ന സഭയെ ആദ്യജാതന്മാരുടെ സഭ എന്നു വിളിക്കുന്നു (12:23). ദൈവത്തിന്റെ ആദ്യജാതന്മാരായ പുത്രന്മാർ എന്ന നിലയിൽ, നമുക്ക് ആദ്യജാതന്റെ ജന്മാവകാശമുണ്ട്. അതിൽ ഭൂമിയുടെയും (2:5-6), പൗരോഹിത്യത്തിന്റെയും (വെളി. 20:6), രാജത്വത്തിന്റെയും (വെളി. 20:4) അവകാശം ഉൾപ്പെടുന്നു, ഇതായിരിക്കും വരാനിരിക്കുന്ന രാജ്യത്തിലെ മുഖ്യമായ

അനുഗ്രഹങ്ങൾ; അശുദ്ധരായ, ലോകത്തെ സ്നേഹിക്കുകയും അന്വേഷിക്കുകയും ചെയ്യുന്ന ക്രിസ്ത്യാനികൾ കർത്താവിന്റെ മടങ്ങിവരവിൽ ഇവ നഷ്ടമാക്കും. ഒടുവിൽ, സഹസ്രാബ്ദരാജ്യത്തിൽ ജയാളികളായ ക്രിസ്ത്യാനികൾക്ക് ഈ ജന്മാവകാശം ഒരു പ്രതിഫലമായിരിക്കും. ഏത് ലൗകിക ആസ്വാദനവും, ഒരു ഊണുപോലും, നമ്മുടെ ഈ ജന്മാവകാശം നഷ്ടപ്പെടുത്താൻ ഇടയാക്കും. ഇത്രയും ഗൗരവതരമായ മുന്നറിയിപ്പിനുശേഷവും, എബ്രായ വിശ്വാസികൾ ഇപ്പോഴും അവരുടെ പഴയ മതത്തിന്റെ ഒരു ഊണിൽ മുഴുകുവാൻ താല്പര്യപ്പെടുന്നുവെങ്കിൽ, അവർ ക്രിസ്തുവിന്റെ പൂർണ ആസ്വാദനവും, അതിന്റെ എല്ലാ അനുഗ്രഹങ്ങളോടുംകൂടെയുള്ള രാജ്യത്തിൻ സ്വസ്ഥതയും നഷ്ടമാക്കാം.

വാസ്തവത്തിൽ, ഇന്ന് ക്രിസ്തുവിൽ നമുക്ക് ആസ്വദിക്കുവാൻ ഭാഗ്യം ലഭിച്ചതായ കാര്യങ്ങൾ വരാനിരിക്കുന്ന രാജ്യത്തിലെ അനുഗ്രഹങ്ങളുടെ മുൻരുചിയാണ്. ഈ മുൻരുചിയുടെ ശരിയായ ആസ്വാദനം രാജ്യത്തിലെ അനുഗ്രഹങ്ങളുടെ പൂർണ രുചിയിലേക്ക് നമ്മെ ആനയിക്കും. നമ്മുടെ നല്ല ദേശമായി നാം ഇന്ന് ക്രിസ്തുവിനെ ആസ്വദിക്കുന്നില്ലെങ്കിൽ, നമുക്കെങ്ങനെ രാജ്യത്തിൽ അവന്റെ സ്വസ്ഥതയിലേക്ക് പ്രവേശിച്ച് അവനോടൊപ്പം ഭൂമിയെ അവകാശമാക്കുവാൻ കഴിയും? അവനെ ബന്ധപ്പെടുവാനും പ്രാർഥനാപൂർവം അവന് ശുശ്രൂഷിക്കുവാനും നാം ഇന്ന് നമ്മുടെ പൗരോഹിത്യത്തെ വ്യായാമം ചെയ്യുന്നില്ലെങ്കിൽ, രാജ്യത്തിൽ നമ്മുടെ പൗരോഹിത്യ കർത്തവ്യം നിറവേറ്റുവാൻ നമുക്കെങ്ങനെ കഴിയും? നമ്മുടെ സ്വയത്തെയും, നമ്മുടെ ജഡത്തെയും, നമ്മുടെ മുഴുവൻ ആളത്തത്തെയും, തന്റെ സകല അന്ധകാര ശക്തിയോടുംകൂടെ ശത്രുവിനെയും ഭരിക്കുവാൻ ദൈവത്താൽ നല്കപ്പെട്ട അധികാരത്തോടുകൂടെ നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യുന്നില്ലെങ്കിൽ, ക്രിസ്തുവിന്റെ സഹരാജാക്കന്മാരായി, അവന്റെ രാജ്യത്തിൽ അവനോടുകൂടെ ജാതികളെ ഭരിക്കുവാൻ നമുക്കെങ്ങനെ കഴിയും (വെളി. 2:26-27)? ഇന്ന് ക്രിസ്തുവിലുള്ള നമ്മുടെ ആസ്വാദനവും, പൗരോഹിത്യത്തിന്റെയും രാജത്വത്തിന്റെയും അഭ്യസനവും നാളെ ക്രിസ്തുവിന്റെ രാജ്യത്തിൽ നാം പങ്കെടുക്കുന്നതിനുള്ള തയ്യാറെടുപ്പും യോഗ്യതയുമാണ്.

ഉല്പത്തി 1-ൽ, ദൈവത്തെ ആവിഷ്കരിക്കേണ്ടതിന് ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചുവെന്ന് നാം കാണുന്നു. എബ്രായലേഖനത്തിന്റെ ആഴത്തിലുള്ള ചിന്ത അനുസരിച്ച്, ദൈവത്തെ ആവിഷ്കരിക്കുന്നത് പൗരോഹിത്യത്തിന്റെ ഒരു കാര്യമാണ്. ഇന്ന് പുതിയ ഉടമ്പടിയുടെ വഴിയിൽ പൗരോഹിത്യം ഉണ്ടായിരിക്കുകയെന്നാൽ, നാം അവന്റെ ആവിഷ്കാരവും സാക്ഷ്യവും ആയിത്തീരുന്നതിന് ദൈവത്തെ നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കുന്നതിന് ജീവപ്രമാണം

ഉണ്ടായിരിക്കുന്നതാണ്. ഇതാണ് ദൈവത്തിന്റെ സ്വരൂപത്തെ ആവിഷ്കരിക്കുന്ന പൗരോഹിത്യം ഉണ്ടായിരിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ആരംഭംമുതൽ മനുഷ്യൻ ദൈവത്തിന്റെ പുരോഹിതനായിരിക്കുവാൻ നിയോഗിക്കപ്പെട്ടിരുന്നു. കൂടാതെ, ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സൃഷ്ടിക്കപ്പെട്ട സകല കാര്യങ്ങളുടെയുംമേൽ വാഴുവാൻ ദൈവത്തിന്റെ ആധിപത്യത്താൽ ഭരമേൽപിക്കപ്പെട്ടിരുന്നു. ഇതാണ് രാജത്വം. ദൈവത്തെ അവന്റെ സ്വരൂപത്തിൽ ആവിഷ്കരിക്കുന്നത് പൗരോഹിത്യവും, ദൈവത്തിന്റെ ആധിപത്യത്തോടുകൂടെ സൃഷ്ടിക്കപ്പെട്ട സകല കാര്യങ്ങളെയും ഭരിക്കുന്നത് രാജത്വവും ആണ്. ഇക്കാരണത്താൽ, പൗരോഹിത്യവും രാജത്വവും ആരംഭത്തിൽ മനുഷ്യനോടുകൂടെ ഉണ്ടായിരുന്നു. മാത്രമല്ല, ഭൂമിയെ സ്വന്തമാക്കുവാനും, ദൈവത്തിന്റെ ആവിഷ്കാരത്തിന്റെയും ആധിപത്യത്തിന്റെയും വ്യാപനത്തിലൂടെ അതിനെ നിറയ്ക്കുവാനുമായി ദൈവം ഭൂമിയെ മനുഷ്യന് നല്കി. അതുകൊണ്ട്, ഉല്പത്തി 1-ൽ മനുഷ്യന്റെ ഭാഗധേയമായി ദൈവം അവന് നിയോഗിച്ച മൂന്നു കാര്യങ്ങളായ പൗരോഹിത്യത്തെയും, രാജത്വത്തെയും, ദേശത്തെയും നാം കാണുന്നു.

ആദാം വീണുപോയതിനുശേഷം, ദൈവം അബ്രാഹാമിന്റെ വംശം എന്ന മറ്റൊരു വംശത്തെ തന്റെ ജനമായിരിക്കുവാൻ തിരഞ്ഞെടുത്തു. പഴയനിയമം വായിക്കുന്നതിലൂടെ, യിസ്രായേൽ മക്കളോടുള്ള ദൈവത്തിന്റെ ഉദ്ദേശ്യം ആരംഭത്തിൽ മനുഷ്യരാശിയോടുകൂടെയുള്ളതു തന്നെയായിരുന്നുവെന്ന് നാം കാണുന്നു. യിസ്രായേൽമക്കൾ ദൈവത്തെ ആവിഷ്കരിക്കേണ്ടതിന് അവർക്ക് പൗരോഹിത്യവും, അവർ അവനെ പ്രതിനിധീകരിക്കേണ്ടതിന് അധികാരവും നല്കുവാൻ ദൈവം ഉദ്ദേശിച്ചു. ഭൂമിയിലെ ഏറ്റവും നല്ല ദേശവും ദൈവം അവർക്ക് നൽകി. ഇക്കാരണത്താൽ, യിസ്രായേൽമക്കളോടുകൂടെ പൗരോഹിത്യവും രാജത്വവും ദേശവും ഉണ്ടായിരുന്നു. എങ്കിലും യിസ്രായേൽമക്കളിൽ മിക്കവരും വീണുപോയി. യാക്കോബിന്റെ ആദ്യത്തെ പുത്രനായ രൂബേന് ജന്മാവകാശം ഉണ്ടായിരിക്കണമായിരുന്നെങ്കിലും, അവന്റെ വീഴ്ചയും ജഡമോഹത്തിന്റെ അശുദ്ധിയും നിമിത്തം അവന് അത് നഷ്ടമായി. തൽഫലമായി, ജന്മാവകാശം വിഭജിക്കപ്പെട്ടു. ജന്മാവകാശത്തിന്റെ ഭൂമിയുടെ പങ്ക് യോസേഫിന് പോകുകയും (അവന്റെ രണ്ടു പുത്രന്മാർ ഭൂമിയുടെ ഇരട്ടി പങ്ക് സ്വീകരിച്ചു), പൗരോഹിത്യത്തിന്റെ പങ്ക് ലേവിക്ക് പോകുകയും, രാജത്വത്തിന്റെ പങ്ക് യെഹൂദായ്ക്ക് പോകുകയും ചെയ്തു.

നാം പുതിയനിയമത്തിലേക്കു വരുമ്പോൾ, എല്ലാ സഭാജനവും പൗരോഹിത്യത്തിലൂടെ ദൈവത്തെ ആവിഷ്കരിക്കുകയും, രാജത്വത്തോടുകൂടെ അവനെ പ്രതിനിധീകരിക്കുകയും,

ശരിയായ മനുഷ്യജീവിതം ഉണ്ടായിരിക്കേണ്ടതിന് ഭൂമിയെ കൈവശമാക്കുകയും ചെയ്യണം എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യമെന്ന് നാം കാണുന്നു. ഇന്ന് ഭൂമിയിൽ ആർക്കുംതന്നെ ശരിയായ മനുഷ്യജീവിതമില്ല. അവിശ്വാസികൾക്ക് അതില്ല, കാരണം അവർ ഇപ്പോഴും വീണുപോയവർ തന്നെയാണ്; എന്നാൽ നാം രക്ഷിക്കപ്പെട്ടവരാണെങ്കിലും, ഇപ്പോൾ നമ്മുടെ ദേഹിയെ നഷ്ടമാക്കുവാനും ദൈവത്തിന്റെ സാക്ഷ്യത്തിനുവേണ്ടി കഷ്ടം സഹിക്കാനുമുള്ള സമയമായതുകൊണ്ട് ക്രിസ്ത്യാനികളായ നമുക്കും അതില്ല. എബ്രായലേഖനമനുസരിച്ച്, ഒരു ദിവസം നമുക്ക് ജന്മാവകാശത്തിന്റെ ഈ മൂന്നു കാര്യങ്ങളും ഉണ്ടായിരിക്കും. വരാനിരിക്കുന്ന ആൾപ്പാർപ്പുള്ള ഭൂമി എന്ന ദേശത്തെ രണ്ടാം അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഭാവിയിൽ ആൾപ്പാർപ്പുള്ള ഭൂമി ക്രിസ്തുവിന്റെ മനുഷ്യ കൂട്ടാളികളായ നമുക്ക് നൽകപ്പെടും. അടുത്ത യുഗത്തിൽ നാം ഭൂമിയെ കൈവശമാക്കുകയും, മുഴുവൻ ഭൂമിയെയും ഭരിക്കുകയും, പൗരോഹിത്യമുള്ളവരായിരിക്കുകയും ചെയ്യും. വരുന്ന സഹസ്രാബ്ദ രാജ്യത്തിൽ, നമുക്ക് ശരിയായ മനുഷ്യജീവിതം ഉണ്ടായിരിക്കും. അത് ഉല്പത്തി 3-ൽ നഷ്ടപ്പെട്ടതിന്റെ പൂർണമായ പ്രത്യുദ്ധാരം ആയിരിക്കും. വരുവാനുള്ള രാജ്യയുഗത്തിൽ, എല്ലാ ജയാളികളും ആൾപ്പാർപ്പുള്ള ഭൂമിയെ കൈവശമാക്കുകയും, പുരോഹിതന്മാരായി ദൈവത്തെ ആവിഷ്കരിക്കുകയും, ജാതികളുടെമേൽ രാജാക്കന്മാരായി വാഴുകയും ചെയ്യുമ്പോൾ, ഉല്പത്തി 1-ൽ മനുഷ്യന് നൽകിയ സകലവും പ്രത്യുദ്ധരിക്കപ്പെടും. അതായിരിക്കും ശരിയായ മനുഷ്യജീവിതം. ഇതാണ് ദൈവത്തിന്റെ ഉദ്ദേശ്യം.

ദൈവത്തിന്റെ ഉദ്ദേശ്യത്തിനുവേണ്ടി അവന്റെ സകല ജനവും കരുതാത്തതുകൊണ്ട്, അതിനുവേണ്ടി കരുതുന്നവർക്കായി അവൻ അതിനെ ഒരു പ്രതിഫലമാക്കിയിരിക്കുന്നു. പ്രതിഫലത്തെയും ദേഹിയെ നേടുന്നതിനെയും സംബന്ധിച്ച് നാം നേരത്തേ കണ്ടു. ദേഹിയെ നേടുന്നത് കേവലം ശരിയായ മനുഷ്യത്വത്തോടുകൂടെ ശരിയായ മനുഷ്യജീവിതം ഉണ്ടായിരിക്കുന്നതാണ്. ഭൂമി വെടിപ്പാക്കപ്പെട്ടിട്ടില്ലാത്തതുകൊണ്ട് ഇന്നു നമുക്ക് അങ്ങനെ ഒരു ജീവിതം ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. എന്നാൽ വരാനിരിക്കുന്ന രാജ്യയുഗത്തിൽ, മുഴുവൻ ഭൂമിയും വെടിപ്പാക്കപ്പെടുകയും, നാം നമ്മുടെ ഉടമസ്ഥതയിലേക്ക് പ്രവേശിക്കുകയും, ദൈവത്തെ ആവിഷ്കരിക്കുന്നതിന് അവന്റെ പൗരോഹിത്യത്തിലും അവനെ പ്രതിനിധീകരിക്കുന്നതിന് അവന്റെ രാജത്വത്തിലും ആയിരിക്കുകയും ചെയ്യും. അപ്പോൾ നാം ദൈവത്തിന്റെ നിത്യോദ്ദേശ്യം നിറവേറ്റുന്നതിനായി ശരിയായ മനുഷ്യനായ യേശുവിനാൽ ജീവിക്കുന്ന ശരിയായ മനുഷ്യത്വമുള്ളവരായിരിക്കും. ആ സമയത്ത്, ഉല്പത്തി 1 പൂർണമായും നിറവേറിയിരിക്കും.

മുഴുവൻ ഭൂമിയും ശരിയായ മനുഷ്യത്വത്തിന്റെ ഉടമസ്ഥതയിൻ കീഴിലായിരിക്കും, അത് പൗരോഹിത്യത്തിൽ ദൈവത്തിന്റെ ആവിഷ്ക്കാരവും രാജത്വത്തിൽ ദൈവത്തിന്റെ പ്രാതിനിധ്യവും ആയിരിക്കും. ഇതാണ് തന്റെ നിത്യോദ്ദേശ്യത്തിലെ ദൈവത്തിന്റെ ഉദ്ദേശ്യം: ഇത് നമ്മുടെ പങ്കും പ്രതിഫലവുമായിരിക്കുവാൻ നമ്മുടെ ജ്ഞാനിയായ ദൈവവും പിതാവുമായവനാൽ നിർണയിക്കപ്പെട്ടിരിക്കുന്നു. വരുവാനുള്ള രാജ്യയുഗത്തിൽ, നാം തികവിലും തേജസ്സരണത്തിലും ആയിരിക്കുകയും ശരിയായ മനുഷ്യത്വത്തോടുകൂടെ ശരിയായ മനുഷ്യജീവിതം ആസ്വദിക്കുവാൻ നമ്മുടെ ദേഹിയെ നേടുകയും ചെയ്യും. ഇതാണ് ദൈവത്തിന്റെ ഉദ്ദേശ്യത്തിന്റെയും, പ്രതിഫലത്തിന്റെയും ജന്മാവകാശത്തിന്റെയും ലക്ഷ്യം.

ഇന്നു നമുക്ക് ഈ ജന്മാവകാശം ഉള്ളതിനാൽ, നാം അതിനെ വ്യായാമം ചെയ്യണം. ദൈവത്തെ ആവിഷ്ക്കരിക്കുന്നതിനും, ദൈവത്തെ പ്രതിനിധീകരിക്കുന്നതിനും, നമ്മുടെ യഥാർഥ ദേശമായി ക്രിസ്തുവിനെ ആസ്വദിക്കുന്നതിനും നമ്മുടെ ആത്മാവിനെ നാം വ്യായാമം ചെയ്യണം. ഇന്ന് ഈ മൂന്നു കാര്യങ്ങൾ ചെയ്യുവാൻ നാം പരാജയപ്പെടുന്നെങ്കിൽ, വരാനിരിക്കുന്ന രാജ്യയുഗത്തിൽ നമുക്കെങ്ങനെ അവ ചെയ്യുവാൻ കഴിയും? നാം പൗരോഹിത്യവും രാജത്വവും അഭ്യസിക്കുകയും നമ്മുടെ നല്ലദേശത്തെ നാം ഇന്ന് ആസ്വദിക്കുകയും പൂർണമായി കൈവശമാക്കുകയും വേണം. നാം ഇത് ചെയ്യുന്നുവെങ്കിൽ, വരാനിരിക്കുന്ന ആൾപ്പാർപ്പുള്ള ഭൂമിയെ കൈവശമായി എടുക്കുന്നതിന്റെയും നമ്മുടെ പൗരോഹിത്യത്തെയും രാജത്വത്തെയും വ്യായാമം ചെയ്യുന്നതിന്റെയും സന്തോഷത്തിലേക്ക് പ്രവേശിക്കുവാൻ നാം പൂർണമായി ഒരുക്കമുള്ളവരായിരിക്കും. ആ സമയത്ത്, നമുക്ക് പ്രതിഫലം ലഭിക്കുകയും ജന്മാവകാശം ആസ്വദിക്കുകയും ചെയ്യും. ഇതാണ് ദൈവത്തിന്റെ ലക്ഷ്യം.